**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 117** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഇ-ശ്രം പോർട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി. നന്ദകുമാർ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അസംഘടിത തൊഴിലാളികൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതിനുള്ള ഇ-ശ്രം പോർട്ടലിൽ സംസ്ഥാനത്ത് എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | അസംഘടിത തൊഴിലാളികൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതിനുള്ള ഇ-ശ്രം പോർട്ടലിൽ സംസ്ഥാനത്ത് 08/03/2022 വരെ 57,58,600 (അമ്പത്തിയേഴ് ലക്ഷത്തി അമ്പത്തെണ്ണായിരത്തി അറുനൂറ്) പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവരാണ് പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കാർഷിക തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, പാചക തൊഴിലാളികൾ, നിർമ്മാണ തൊഴിലാളികൾ, വസ്ത്ര വ്യാപാര മേഖലയിൽപ്പെട്ട തൊഴിലാളികൾ, മോട്ടോർ വാഹന വിപണന മേഖലയിലെ തൊഴിലാളികൾ, തുകൽ വ്യവസായ തൊഴിലാളികൾ, ഇതര സംസ്ഥാന തൊഴിലാളികൾ, വിദ്യാഭ്യാസ മേഖലയിലെ തൊഴിലാളികൾ, ഇലക്ട്രിക്കൽ വർക്കേഴ്സ്, ടൂറിസം, ഹോസ്പിറ്റാലിറ്റി, ആരോഗ്യം ചെറുകിട മേഖലകളിലെ തൊഴിലാളികൾ, പുകയില വ്യവസായം, കരകൗശല മേഖലയിലെ തൊഴിലാളികൾ, ഓഫീസ് അഡ്മിനിസ്ട്രേഷൻ, ബാർബർ-ബ്യൂട്ടീഷ്യൻ, ആഭരണ തൊഴിലാളികൾ, അച്ചടി തൊഴിലാളികൾ, മൈനിംഗ് മേഖലയിലെ തൊഴിലാളികൾ, സ്വകാര്യ സെക്യൂരിറ്റി തൊഴിലാളികൾ, മരാധിഷ്ഠിത തൊഴിൽ ചെയ്യുന്നവർ, സംഗീത മേഖലയിലെ തൊഴിലാളികൾ, ടെക്സ്റ്റൈൽ മേഖലയിലെ തൊഴിലാളികൾ, ഗ്ലാസ് & സെറാമിക്സ് മേഖലയിലെ തൊഴിലാളികൾ, ബാങ്കിംഗ് ഫിനാൻഷ്യൽ സർവ്വീസ് ഇൻഷുറൻസ് മേഖലയിലെ തൊഴിലാളികൾ, കൈത്തറി തൊഴിലാളികൾ, തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾ, സ്വയംതൊഴിൽ ചെയ്യുന്നവർ തുടങ്ങി എല്ലാ മേഖലകളിലുമുള്ള അസംഘടിത വിഭാഗത്തിൽപ്പെട്ട |

| | | | |
|---|---|---|---|
| | | | തൊഴിലാളികളാണ് ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (സി) | മുഴുവൻ തൊഴിലാളികളെയും പ്രസ്തുത പദ്ധതിയിൽ ചേർക്കുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ? | (സി) | സംസ്ഥാനത്തെ എല്ലാ മേഖലകളിലുമുള്ള മുഴുവൻ അസംഘടിത തൊഴിലാളികൾക്കും ഇ-ശ്രം പോർട്ടൽ (www.eshram.gov.in) വഴി സ്വന്തമായോ അക്ഷയ സെന്ററുകൾ, കോമൺ സർവ്വീസ് സെന്ററുകൾ എന്നീ സ്ഥാപനങ്ങൾ മുഖേനയോ ഈ പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. തൊഴിൽ വകുപ്പിന് കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളുടെയും ജില്ലാ ലേബർ ഓഫീസുകളുടെയും നേതൃത്വത്തിൽ പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കൽ ഉൾപ്പെടെയുള്ള വിവിധ പരിപാടികൾ അക്ഷയ സെന്ററുകൾ, കോമൺ സർവ്വീസ് സെന്ററുകൾ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സമയബന്ധിതമായി സംഘടിപ്പിച്ച് സംസ്ഥാനത്തെ വിവിധ മേഖലകളിലുള്ള അസംഘടിത തൊഴിലാളികളെയും പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ